3. ആശ്രമം ഇ. എസ്. ഐ. ഹോസ്പിറ്റലിലെ ഒരു രോഗിയെ ആശുപത്രിയിലെ വാച്ചുമാനും അറ്റൻഡറും ചേർന്ന് മർദ്ദിച്ചതുമൂലം ഉളവായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് ശ്രീ. ആർ. എസ്. ഉണ്ണി ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ഈ നോട്ടീസും രണ്ടു ദിവസത്തിനുമുമ്പു കിട്ടിയിട്ടുള്ളതാണ്. ഇതു് വളരെ ഗുരുതരമായ സംഭവവികാസങ്ങൾ ഉണ്ടാക്കിയ ഒരു സംഭവമാണെന്നു് ബഹുമാനപ്പെട്ട മെമ്പർ എന്നെ വന്നുകണ്ടു പറയുകയുണ്ടായി.

3. ഷോപ്പ് ആക്ട് പ്രകാരമുള്ള ആനുകൂല്യങ്ങൾക്കും, ഓണം ബോണസിനും വേണ്ടി തൃശ്ശൂരിലെ 500-ൽ പരം സ്വർണ്ണപ്പണിത്തൊഴിലാളികൾ നടത്തിവരുന്ന പണിമുടക്കുമൂലം സംജാതമായിട്ടുള്ള സ്ഥിതിവിശേഷം ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. പി. എസ്. നമ്പൂതിരി ഒരു നോട്ടീസ് തന്നിട്ടുണ്ട്.

4. കേരളത്തിലെ അവശകുസ്ത്യനികൾ അവർക്കെതിരായിട്ടുള്ള അവഗണനകൾ അവസാനിപ്പിക്കുന്നതിനുവേണ്ടി ആരംഭിച്ചിരിക്കുന്ന സത്യാഗ്രഹംമൂലം ഉളവായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു് ശ്രീ. എം.എം. തോമസ് ഒരു നോട്ടീസ് തന്നിട്ടുണ്ട്.

5. വൈക്കം ചെമ്പു പ്രദേശത്തുള്ള നിരവധി മത്സ്യത്തൊഴിലാളികളുടേയും, കർഷകത്തൊഴിലാളികളുടേയും വസ്തുവകകൾ നശിപ്പിച്ചതിനെത്തുടർന്നുണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെൻറിന്റെ ശ്രദ്ധയിൽ കൊണ്ടുവരാൻ ശ്രീ. അച്യുതാനന്ദൻ ഒരു നോട്ടീസ് തന്നിട്ടുണ്ട്.

6. വടകര താലൂക്കിൽ എടച്ചേരി പോലീസ് സ്റ്റേഷൻ അതിർത്തിയിൽപ്പെട്ട മാത്തു എന്ന വിധവയുടെ സംശയാസ്പദമായ മരണത്തെ തുടർന്നുണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ശ്രീ. എം. കൃഷ്ണൻ ഒരു നോട്ടീസ് തന്നിട്ടുണ്ട്.

7. സംസ്ഥാനത്തെ പോലീസ് സേനാവിഭാഗത്തിനു് പൊതുവിലും സിറ്റി പോലീസ് സേനാവിഭാഗത്തിനു് പ്രത്യേകിച്ചും ലഭിച്ചു വന്നിരുന്ന നിശ്ചിതമായ യാത്രപ്പടിയും, പി. ടി. എ. യും നിറുത്തലാക്കിയ നടപടിയെത്തുടർന്നു് പോലീസ് വിഭാഗത്തിനുള്ള അസംതൃപ്തിമൂലം ഉണ്ടായിട്ടുള്ള ഗുരുതരാവസ്ഥ ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിനു ശ്രീ. ബി. മാധവൻനായർ ഒരു നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. എൻ. ഗണപതി ഒരു നോട്ടീസ് നൽകിയിട്ടുണ്ട്. പക്ഷെ അതു് തമിഴിൽ ആയതുകൊണ്ടു് ശരിക്കു വായിക്കാൻ സാധിക്കുന്നില്ല. അതിനെ സംബന്ധിച്ചു് അദ്ദേഹത്തിനു് കിട്ടിയ ഒരു ടെലഗ്രാംകൂടി തന്നിട്ടുണ്ട്. ഞാൻ വായിക്കാം.

Wintermere cardamom estate—Proprietor taken away the Electric posts and lines disconciliation regarding nonemployment of Chacko etc. all Kerala yelathota thozhilalar Union munnar.

The text is given which reads as follows: Proprietor Wintermere Cardamom Estate has taken away the electric posts and disconnected the lines and cut the water supply Shri Chacko, Conductor, wintermere xxx Estate Satyagraha has already launched xxx The Labour officers are not taking any action-request intervention of Labour Minister.

LIBRARY ARCHIVES Kerala Legislative Assembly